(ബി) ഈ നിലങ്ങളുടെ വിസ്തൃതി എത്ര വീതമാണ്;

(സി) ഈ നിലങ്ങളിൽ ഇപ്പോൾ കൃഷി ചെയ്യുന്നുണ്ടോ; എങ്കിൽ വ്യക്തികളാണോ സഹകരണസംഘങ്ങളാണോ കൃഷി നടത്തുന്നതെന്ന് അറിയിക്കുമോ;

(ഡി) കായൽ നിലങ്ങളിൽ കൃഷി നടത്തുന്ന സഹകരണസംഘങ്ങൾ ഏതെല്ലാമാണ്; അവയുടെ പ്രസിഡന്റുമാർ ആരെല്ലാം;

(ഇ) ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഓരോ വർഷവും ഈ സംഘങ്ങൾ വരുത്തിയിട്ടുള്ള ലാഭമോ നഷ്ടമോ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുമൂലം ആലപ്പുഴ ജില്ലയിലെ മാർത്താണ്ഡം, ചിത്തിര, റാണി (ക്യു.എസ്റ്റി) കായൽ നിലങ്ങളും കോട്ടയം ജില്ലയിൽ ഐമനം വില്ലേജിൽ മാലികായൽ, കൊല്ലം ജില്ലയിൽ ചിറക്കര വില്ലേജിൽ 32 ഏക്കർ 66 സെന്റ് കായൽ നിലവും ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുണ്ട്.

(ബി) 1. മാർത്താണ്ഡം കായൽ 319-3554 ഹെക്ടർ
2. ചിത്തിര കായൽ 330-8291 ഹെക്ടർ
3. റാണി കായൽ 286-8778 ഹെക്ടർ
4. മാലി കായൽ 9-2080 ഹെക്ടർ
5. കൊല്ലം ജില്ലയിൽ 32 ഏക്കർ 66 സെന്റ് (ചിറക്കര വില്ലേജിൽ)

(സി) ഉണ്ട്. മാർത്താണ്ഡം കായലിൽ എസ് ബ്ലോക്കിൽ കഴിഞ്ഞ 9 വർഷമായി നെല്ലുൽപ്പാദക സമിതി നെൽക്കൃഷി നടത്തിവരുന്നു. മാലികായലിൽ കൈവശക്കാർ കൃഷി ചെയ്തുവരുന്നു. മറ്റു കായൽ നിലങ്ങളിൽ കൃഷിയൊന്നും നടന്നുവരുന്നില്ല. വ്യക്തികളും വ്യക്തികൾ ചേർന്നുണ്ടാക്കിയിട്ടുള്ള സമിതിയുമാണ് കൃഷിചെയ്തുവരുന്നത്. സഹകരണസംഘങ്ങൾ ഇവിടങ്ങളിൽ നിലവിലില്ല.

(ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു.

84 (3409) നികത്തിയ വയലുകൾ

ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം സംസ്ഥാനത്ത് എത്ര ഹെക്ടർ വയലുകൾ നികത്തിയിട്ടുണ്ട്;

(ബി) കൃഷിയോഗ്യമായ ഭൂമി സംസ്ഥാനത്ത് കൃഷിചെയ്യാതെ ഇട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിനുള്ള കാരണമെന്തെല്ലാമാണ്;

(ഡി) കൃഷിയോഗ്യമായ ഭൂമി കൃഷിചെയ്യാതെയിടുന്നതിന് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽവയൽ നികത്തുന്നതിന് കൃഷി വകുപ്പ് ആർക്കും അനുമതി നൽകിയിട്ടില്ല.

(ബി) ഉണ്ട്. കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) വ്യത്യസ്തമായ നിരവധി കാരണങ്ങളുണ്ട്.

(ഡി) കൃഷിയോഗ്യമായ ഭൂമി കൃഷിചെയ്യുന്നതിനും, നെൽക്കൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ആകർഷകമാക്കുന്നതിനും വേണ്ടിയാണ് നെല്ല ടിസ്ഥാനമാക്കിയുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുന്നത്. പ്രത്യേക പ്രദേശങ്ങളിലെ നെൽക്കൃഷിയുടെയും അനുബന്ധ കൃഷിയുടെയും അഭിവൃദ്ധിയ്ക്കായി 10 നെൽക്കൃഷി വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനമായി ഹെക്ടറൊന്നിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നല്കിവരുന്നു. നെൽക്കൃഷിക്ക് 1-8-1995 മുതൽ വൈദ്യുതി സൗജന്യവും നല്കുന്നു.

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പുനരുജ്ജീവിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

85 (3410) പച്ചക്കറി വിത്തു വിതരണം

ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ജോർജ് ജെ. മാത്യൂ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് ഓരോ വർഷവും വിവിധ ഇനത്തിൽപ്പെടുന്ന എന്തു വിലയ്ക്കുള്ള എത്ര കിലോ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ബി) ഈ പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിച്ചതാരാണ്?

ഉത്തരം

(എ)&(ബി)ഈ വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല.

86 (3411) പച്ചക്കറി സംഭരണം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly